മഹാരാഷ്ട്ര, കൽപ്പാക്കം, നെയ്വേലി, രാമഗുണ്ടം എന്നീ സ്ഥലങ്ങളിൽ നിന്ന് ലൈനുകൾ ലഭ്യമാക്കി വിദ്യുച്ഛക്തി ഇവിടെകൊണ്ടു വരാനുള്ള ശ്രമമാണ് നടക്കുന്നത്. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഒരു കാര്യം ചെയ്യാം. പുറത്തു നിന്നു കൊണ്ടുവരുന്ന വൈദ്യുതി ഉപയോഗിച്ച് 50 ശതമാനമായി ഇവിടത്തെ ഐസ് പ്ലാന്റുകൾക്ക് വർദ്ധിപ്പിച്ചുകൊടുക്കുന്നതിന് ഗവൺമെന്റ് ഇന്നുതന്നെ ഓർഡർ നൽകാം. അതുമാത്രമേ തൽക്കാലം ഇപ്പോൾ ചെയ്യാൻ കഴിയുകയുള്ളൂ. കൂടുതൽ വരുമ്പോൾ കൂടുതൽ കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കാം.

(8) കണ്ണൂർ നഴ്സിംഗ് സ്കൂൾ വിദ്യാർത്ഥികളുടെ ബുദ്ധിമുട്ടുകൾ

ശ്രീ. കെ. പി. പ്രഭാകരൻ: സർ, കണ്ണൂർ ഗവൺമെന്റ് നഴ്സിംഗ് സ്കൂളിലെ വിദ്യാർത്ഥിനികളുടെ ഒരു നിയമാവസ്ഥയിലേയ്ക്ക് ഞാൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. വർഷങ്ങളായിട്ട് പ്രസ്തുത നഴ്സിംഗ് സ്കൂൾ നടത്തുന്നതിന് കെട്ടിടമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. രണ്ടുമൂന്നു മുറികളിലായി വളരെ ക്ലേശിച്ചാണ് ക്ലാസ്സുകൾ നടത്തുന്നത്. അവിടെയുള്ള അസൗകര്യംമൂലം ഒരു ബാച്ചിനെ കോട്ടയത്ത് പ്രൊവൈഡ് ചെയ്തിരിക്കുകയാണ്. അതിനുംപുറമേ ഈ നഴ്സിംഗ് സ്കൂളുകളിലെ വിദ്യാർത്ഥിനികൾ ഹോസ്റ്റലിൽത്തന്നെ താമസിക്കണമെന്നുള്ളതും വളരെ നിർബന്ധമാണ്. പക്ഷേ അവിടെ ഹോസ്റ്റൽ സൗകര്യമില്ല. ആറുകിലോമീറ്റർ ദൂരെ ഗവൺമെന്റ് വാടകയ്ക്കെടുത്ത ഒരു കെട്ടിടത്തിൽ അനാരോഗ്യകരമായ സാഹചര്യത്തിലാണ് ഇപ്പോൾ വിദ്യാർത്ഥിനികൾ കഴിഞ്ഞുകൂടുന്നത്. കഴിഞ്ഞ കുറെക്കാലമായിട്ടുള്ള അവരുടെ അവശതയാണിത്. ആ വാടക കെട്ടിടവും അതിന്റെ ഉടമസ്ഥൻ നിർബന്ധമായും ഒഴിപ്പിക്കുന്ന സ്ഥിതിയിലാണ്. ഏതുനിമിഷവും അവിടെനിന്ന് ഇറങ്ങിപ്പോകേണ്ടിവരുമെന്ന ഒരാശങ്ക ഇന്ന് ആ വിദ്യാർത്ഥിനികളെ വല്ലാതെ വിഷമിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കണ്ണൂർ, കാസർകോട്, വയനാട് എന്നീ പ്രദേശങ്ങളൊട്ടാകെ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നതാണ് ഈ ഡിസ്ട്രിക്ട് ഹോസ്പിറ്റലിനോടനുബന്ധിച്ചുള്ള ഈ നഴ്സിംഗ് സ്കൂൾ. കേരളത്തിലെ ഒൻപതു നഴ്സിംഗ് സ്കൂളുകളിൽ ഇത്രയേറെ അസൗകര്യമുള്ള സ്വന്തമായി കെട്ടിടമില്ലാത്ത, ഹോസ്റ്റൽ സൗകര്യമില്ലാത്ത ഒരു നഴ്സിംഗ് സ്കൂളും കാണുകയില്ല, ഇതല്ലാതെ. കണ്ണൂർ–വയനാടു മേഖലയോടുള്ള ഒരു അവഗണനയാണിത്. ആ പ്രദേശത്തുള്ള വിദ്യാർത്ഥിനികളുടെ ഇടയിൽമാത്രമല്ല ജനങ്ങളുടെയിടയിലും വളരെ ആക്ഷേപമുളവാക്കിയിട്ടുള്ള ഒരു കാര്യമാണിത്. ഇതിനെന്തെങ്കിലുമൊരു പരിഹാരം അടിയന്തിരമായിട്ടുണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ കണ്ണൂർ ജില്ലാ ആശുപത്രിയോടനുബന്ധിച്ച് അനുവദിച്ചിട്ടുള്ള നേഴ്സിംഗ് സ്കൂൾ ഒരു വാടക കെട്ടിടത്തിലാണ് നടക്കുന്നത്. ആ കെട്ടിടത്തിന്റെ ഉടമസ്ഥൻ ഒഴിഞ്ഞുകൊടുക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പുതിയതായി സ്ഥലം അന്വേഷിച്ചു. രണ്ടു കെട്ടിടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഒരു കെട്ടിടത്തിലേക്ക് ഉടനെ മാറുന്നതാണ്. അടുത്ത കെട്ടിടം കൂടി കിട്ടിക്കഴിഞ്ഞാൽ അവിടേയും സൗകര്യങ്ങൾ ചെയ്യാൻ കഴിയും. കെട്ടിടം സ്വന്ത

LIBRARY, ARCHIVES Kerala Legislative Assembly

തായി പണിയുന്നതിന് സാമ്പത്തികമായ ബുദ്ധിമുട്ടുകളുണ്ടെങ്കിലും ശരി, പണത്തിന്റെ ലഭ്യത അനുസരിച്ച് കെട്ടിടങ്ങൾ കെട്ടിതുടങ്ങുന്നതാണ്.

(9) കൊല്ലം ജില്ലയിൽ നിലനിൽക്കുന്ന സംഘർഷാവസ്ഥ

ശ്രീ. തോപ്പിൽ രവി: സർ, ആർ. എസ്. പി. കാരും മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകൻമാരും തമ്മിൽ കഴിഞ്ഞ 5—ാം തീയതി കൊട്ടാരക്കരയിൽ വച്ചുണ്ടായ സംഘട്ടനത്തെ തുടർന്ന് കൊട്ടാരക്കര ചന്തമുക്കിലും പരിസരപ്രദേശങ്ങളിലും, സി. പി. ഐ. നിയന്ത്രണത്തിലുള്ള എ. ഐ. എസ്. എഫ്. നേറയും ശ്രീ. അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള മാർക്സിസ്റ്റ് പാർട്ടി പിൻതാങ്ങുന്ന എസ്. എഫ്. ഐ. യുടേയും പ്രവർത്തകൻമാർ തമ്മിൽ കൊല്ലം ജില്ലയുടെ കിഴക്കൻ മേഖലയിൽ വിദ്യാലയങ്ങൾക്കകത്തും പുറത്തും നിരന്തരമായി നടത്തിക്കൊണ്ടിരിക്കുന്ന സംഘട്ടനം മൂലം അവിടെയും ഉണ്ടായിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ നിൽക്കുന്നത്. കൊട്ടാരക്കരയിൽ, മരിച്ചുപോയ ഒരു മാർക്സിസ്റ്റു സഖാവിന്റെ പാർട്ടി കൂറുസംബന്ധിച്ച അവകാശവാദമാണ് അവിടെ ഈ കുഴപ്പങ്ങളൊക്കെ ഉണ്ടാക്കിയിട്ടുള്ളത്. 7 വർഷങ്ങൾക്കുമുൻപ് മരിച്ചുപോയ തങ്കംകുഞ്ഞ് എന്ന മാർക്സിസ്റ്റു പാർട്ടിയുടെ ലോക്കൽ കമ്മിറ്റി മെമ്പറായിരുന്ന സഖാവിന്റെ 7—ാം ചരമവാർഷികം ഈ കഴിഞ്ഞ 5—ാം തീയതി ആയിരുന്നു. ശ്രീ. തങ്കംകുഞ്ഞ് ജീവിച്ചിരുന്നു എങ്കിൽ അദ്ദേഹം മാർക്സിസ്റ്റു പാർട്ടിയിൽനിന്ന് രാജിവച്ച് ഈയിടെ ആർ. എസ്. പി. യിൽ ചേർന്ന തങ്ങളോടൊപ്പം ആർ. എസ്. പി. യിൽ ചേരുമായിരുന്നു (ശ്രീ. ബേബി ജോണിന്റെ നേതൃത്വത്തിലുള്ള ആർ. എസ്. പി. ആണ്) എന്നാണ് ചിലരുടെ വാദം. അവിടെ 6 മാസങ്ങൾക്കുമുമ്പ് മാർക്സിസ്റ്റ് പാർട്ടിയിൽ നിന്ന് പുറത്താക്കിയ ഏതാനും സഖാക്കൻമാരെ ആർ. എസ്. പി. സ്വീകരിക്കുകയുണ്ടായി. ഇപ്പോഴത്തെ ആർ. എസ്. പി. യിൽ വന്ന സഖാക്കൾ പറയുന്നത് ശ്രീ. തങ്കംകുഞ്ഞ് ജീവിച്ചിരുന്നുവെങ്കിൽ ഞങ്ങളുടെ കൂടെ ആർ. എസ്. പി. യിൽ ചേരുമായിരുന്നു എന്നാണ്. ശ്രീ. അച്യുതാനന്ദന്റെ ഗ്രൂപ്പിലുള്ള മാർക്സിസ്റ്റുകാർ പറയുന്നത് ഞങ്ങളുടെ കൂടെ നിൽക്കുമെന്നായിരുന്നു എന്നാണ്. എന്നാൽ ശ്രീ. രാഘവന്റെ ഗ്രൂപ്പുകാർ പറയുന്നത് ശ്രീ. രാഘവനോടൊപ്പം നിൽക്കുമായിരുന്നു എന്നാണ്. അങ്ങനെ പരേതാത്മാക്കളുടെ പാർട്ടി സംബന്ധിച്ചുള്ള അവകാശവാദമാണ് ഇപ്പോഴത്തെ ഈ കുഴപ്പങ്ങൾക്കൊക്കെ കാരണമായിത്തീർന്നിരിക്കുന്നത്. ഇവർ തമ്മിൽ തല്ലുന്നതിൽ എനിക്ക് വിരോധമൊന്നുമില്ല. എന്നാൽ ചന്തമുക്ക് എന്നു പറയുന്നത് അവിടത്തെ പ്രധാനപ്പെട്ട ഒരു വ്യാപാരകേന്ദ്രമാണ്. അവിടെ കടകമ്പോളങ്ങൾ തുറക്കുവാനോ ആളുകൾക്ക് വരാനോ സാധിക്കുന്നില്ല. അവിടെ നിലനിൽക്കുന്നത് സി. പി. ഐ. യുടെ പഴയ എം. എൽ. എ. യായ ശ്രീ. പി. കെ. ശ്രീനിവാസന്റെ മകനെ എസ്. എഫ്. ഐ. ക്കാർ മർദ്ദിച്ചു എന്നും എസ്. എഫ്. ഐ. ജില്ലാ ജാഥയെ ശ്രീ. ശ്രീനിവാസൻ തടഞ്ഞുനിറുത്തിയെന്നുമൊക്കെ ആക്ഷേപങ്ങൾ ഉണ്ട്. അതുകൊണ്ട് മനുഷ്യർക്ക് ജീവഭയംമൂലം പുറത്തിറങ്ങി നടക്കാൻ സാധിക്കുന്നില്ല. ഈ സാഹചര്യം മനസ്സിലാക്കി അവിടെ ജനങ്ങളുടെ സൈരജീവിതം ഉറപ്പു വരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly